LIBRARY ARCHIVES Kerala Legislative Assembly

പേരാമ്പ്ര മണ്ഡലത്തിലെ പ്രവൃത്തികൾ

158 (3592) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചെറുകിട ജലസേചന പദ്ധതിയിൽ ഉൾപ്പെടുത്തി പേരാമ്പ്ര മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ പ്രവൃത്തിക്കും എത്ര തുക അനുവദിച്ചു എന്നും ഓരോന്നിന്റെയും പ്രവർത്തന പുരോഗതിയും അറിയിക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചെറുകിട ജലസേചന പദ്ധതിയിൽ ഉൾപ്പെടുത്തി പേരാമ്പ്ര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളും തുകയും അവയുടെ പുരോഗതിയും അനുബന്ധമായി ചുവടെ ചേർക്കുന്നു.*

ചേർത്തല തീരമേഖലയിലെ കടലാക്രമണം

159 (3593) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തലയുടെ തീരമേഖലകളായ അർത്തുങ്കൽ ആയിരംതൈ, ചേന്നവേലി, തൈക്കൽ ഭാഗങ്ങളിൽ കഴിഞ്ഞ കുറച്ച വർഷങ്ങളായി കൂടുതൽ രൂക്ഷമായ തരത്തിലുണ്ടാകുന്ന കടലാക്രമണത്തിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ചേർത്തലയുടെ തീരമേഖലകളിലുണ്ടാകുന്ന രൂക്ഷമായ കടലാക്രമണങ്ങൾക്ക് നിലവിൽ ഈ മേഖലകളിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള പുലിമുട്ടുകളുടെ പോരായ്മകളാണോ കാരണം എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) ഇപ്രകാരം പോരായ്മകൾ ഉണ്ടെന്ന് ബോധ്യപ്പെട്ടിട്ടുണ്ടെങ്കിൽ അത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) രൂക്ഷമായ കടലാക്രമണം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അർത്തുങ്കൽ ഹാർബറിനുവേണ്ടി നിർമ്മിക്കുന്ന പുലിമുട്ടുകളുടെ നീളം കൂട്ടുന്നതനുസരിച്ച് അതിന്റെ വടക്കുപ്രദേശമായ ആയിരം തയ്യിലും അർത്തുങ്കലിലും രൂക്ഷമായ